## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2153 — 18.06.2013 ലെ മറുപടിയ്ക്ക്

### സംസ്ഥാനത്തിന്റെ നികുതി വരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | 2011-12 സാമ്പത്തിക വർഷത്തെ മൊത്തം നികുതി വരുമാനം എത്ര യായിരുന്നു; | (എ) | 2011-12 സാമ്പത്തിക വർഷത്തെ മൊത്തം നികുതിവരുമാനം 31708.96 കോടി രൂപയാണ്. |
| (ബി) | 2012-13 സാമ്പത്തിക വർഷത്തെ മൊത്തം നികുതി വരുമാനം എത്ര; വിശദാംശം നല്കുമോ ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012-13 സാമ്പത്തിക വർഷത്തെ മൊത്തം നികുതി വരുമാനം 36757.03 കോടി രൂപയാണ്. (കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ) വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്വർണത്തിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ നികുതിയാണ് ലഭിച്ചത്; സ്വർണത്തിൽനിന്ന് ലഭിക്കുന്ന നികുതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | സ്വർണത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം 393.54 കോടി രൂപയാണ് നികുതിയായി ലഭിച്ചത്. സ്വർണം നികുതി ചോർച്ച കൂടുതലായുള്ള ഒരു മേഖലയായതിനാലും, ഈ മേഖലയിൽനിന്നും കൂടുതൽ വരുമാനം നേടേണ്ടതിനാലും നികുതി വെട്ടിപ്പ് ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനു വേണ്ടിയും കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന പല വ്യാപാരികളുടെയും വിറ്റുവരവും നികുതി അടവും തമ്മിൽ വലിയ അന്തരം ഉള്ളതായി ശ്രദ്ധയിൽപെടുകയും കോമ്പൗണ്ടിംഗ് നികുതിയെ വിറ്റുവരവുമായി ബന്ധപ്പെടുത്തി വിറ്റുവരവ് സ്ലാബിനനുസരിച്ചുള്ള നിശ്ചിത ശതമാനമോ തലേവർഷത്തെ വിറ്റുവരവിന്റെ 1.25 ശതമാനമോ ഏതാണോ കൂടുതൽ അത് കോമ്പൗണ്ട് നികുതിയായി തനത് വർഷം അടയ്ക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഈ മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിനായി വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| | 2012-13(Prl) |
|---|---|
| | Rs. in crore |
| **നികുതി വരവിനങ്ങൾ** | |
| കോർപ്പറേഷൻ നികുതി | 2457.20 |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 1471.08 |
| കാർഷികാദായ നികുതി | 18.92 |
| ഭൂ നികുതി | 121.57 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 2938.43 |
| സമ്പത്ത് നികുതി | 5.20 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 67.58 |
| കസ്റ്റംസ് തീരുവ | 1095.10 |
| കേന്ദ്ര എക്സൈസ് തീരുവ | 745.96 |
| സംസ്ഥാന എക്സൈസ് | 2313.95 |
| വിൽപന നികുതി | 22511.09 |
| വാഹന നികുതികൾ | 1924.62 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 24.71 |
| സേവന നികുതി | 905.82 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 155.8 |
| **ആകെ നികുതി വരവ്** | **36757.03** |

സെക്ഷൻ ഓഫീസർ.